❖ നേർത്ത് മൃദുവായതും ചുരുണ്ടതും ഇരുണ്ടുനിറമാകുന്ന തോട്.

❖ അവശമാകുന്ന ചെമ്മീൻ മറ്റു ജീവികൾക്ക് തീറ്റയായി മാറുന്നു.

## കാരണങ്ങൾ

❖ മണ്ണിലെ അധികക്ഷാരാംശം, ഫോസ്ഫറസിന്റെ കുറവ്, ജൈവാംശം കുറഞ്ഞ മണ്ണ്, തീറ്റയിലെ കാൽസ്യം, ഫോസ്ഫറസ് അനുപാതത്തിന്റെ പോരായ്മ, ചിലയിനം കീടനാശിനികൾ.

## നിയന്ത്രണം

❖ വെള്ളത്തിന്റെ ഗുണനിലവാരം മെച്ചമായി നിലനിർത്തുക.

❖ ശരിയായ ഗുണനിലവാരമുള്ള തീറ്റ ആവശ്യത്തിനുമാത്രം നൽകുക.

കൂടുതൽ വിവരങ്ങൾക്ക്
**ഡോ. എം.എം. പ്രസാദ്**
ഹെഡ്, എം. എഫ്.ബി. ഡിവിഷൻ
സി.ഐ.എഫ്.ടി- കൊച്ചി - 29
ഫോൺ : 9490798267
ഇമെയിൽ : prasadmm@hotmail.com

**ഡോ. മുരുകദാസ് വി.**
സയന്റിസ്റ്റ്
പി.ഐ. - എൻ.എസ്.പി.എ.എ.ഡി.
ഫോൺ - 9567973533
ഇ.മെയിൽ : murugadascift81@gmail.com

പ്രസാധനം : **സി.എൻ. രവിശങ്കർ**
ഡയറക്ടർ, സി.ഐ.എഫ്.ടി. - കൊച്ചി - 29

തയ്യാറാക്കിയത് :
**ഡോ. മുരുകദാസ് വി.**
**ഡോ. ടോംസ് സി. ജോസഫ്**
**ശ്രീമതി ഗ്രീഷ്മ എസ്. എസ്.**
**ശ്രീ. ഏഴിൽ നിലവൻ, ശ്രീ. ഷഹീർ പി.**
**ശ്രീ. അഖിൽനാഥ് പി.ജി.**

# ചെമ്മീൻ കെട്ടുകളിലെ പകർച്ച വ്യാധികളല്ലാത്ത രോഗങ്ങൾ

## ജലജീവികലിലെ രോഗബാധ സംബന്ധിച്ച ദേശീയ നിരീക്ഷണ പദ്ധതി

ധനസഹായം : ദേശീയ മത്സ്യ വികസന ബോർഡ് [NFDB]

ICAR NBFGR NFDB

**ഐ.സി.എ.ആർ. - കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ കേന്ദ്രം**
സിഫ്റ്റ് ജംഗ്ഷൻ, മത്സ്യപുരി പി.ഒ., കൊച്ചി - 682 029

ചെമ്മീൻ കൃഷിയിടങ്ങളെ ബാധിക്കുന്ന പകരാത്തയിനം രോഗങ്ങളാണിവ. തീറ്റക്കുറവും തെറ്റായ പരിപാലനമുറകളുമാണ് ഇവയ്ക്ക് കാരണമാകുന്നത്.

### രോഗലക്ഷണങ്ങൾ

1. തീറ്റയെടുക്കുന്ന ട്രേകളിൽ പല വലിപ്പത്തിലുള്ള ചെമ്മീനുകൾ കാണപ്പെടുക.
2. മൃദുവായ തോട്
3. തോടുപൊഴിക്കൽ ഇടവേളകളുടെ ക്രമമില്ലായ്മ
4. പരാദങ്ങളുടെ ആക്രമണമുണ്ടാകുക.
5. ചുവപ്പ്, നീല, കറുപ്പ് രാശി കലർന്ന ചെമ്മീനുകൾ.

### ദോഷ ഫലങ്ങൾ

1. വലുപ്പം കുറഞ്ഞ അനാരോഗ്യമുള്ള ചെമ്മീൻ.
2. ഇതുമൂലം തന്നെ വിളവെടുപ്പിന് പ്രയാസം നേരിടുക.
3. വിപണിയിൽ ആവശ്യക്കാർ കുറയുക.
4. ഗുരുതരാവസ്ഥയിൽ ചെമ്മീൻ ചത്തൊടുങ്ങുക.
5. കർഷകന് ധനനഷ്ടം സംഭവിക്കുക.

## പ്രധാനപ്പെട്ട പകരാത്തയിനം രോഗങ്ങൾ

### ഗ്യാസ് കുമിളരോഗം

#### കാരണങ്ങൾ

- നൈട്രജൻ, ഓക്സിജൻ തുടങ്ങിയ അടങ്ങിയ അന്തരീക്ഷ വായു ജലാശയത്തിൽ അമിതമായി അലിഞ്ഞു ചേരുന്നത്.
- തെറ്റായ പമ്പിംഗ് രീതി
- രോഗം ബാധിച്ച ചെമ്മീനിന്റെ രക്തപ്രവാഹം തടസ്സപ്പെടുത്തുക.
- ചത്തചെമ്മീൻ പൊന്തിക്കിടക്കും. തോടിനും ഗില്ലിനും താഴെ ഗ്യാസ് കുമിള കാണാം.
- എയറേറ്റർ ശരിയായ രീതിയിൽ ഉപയോഗിക്കുകയും വെള്ളത്തിൽ എല്ലായിടവും ഈ വായു സർക്കുലേറ്റ് ചെയ്യിക്കുകയും ചെയ്യുക.

### 1. വാലു ചീയൽ / മാംസം അഴുകൽ

#### ലക്ഷണങ്ങൾ

വയറിന്റെ 6-ാമത്തെ ഖണ്ഡം നേർമ്മയായി പിങ്ക് നിറത്തിൽ കാണപ്പെടും. ചെമ്മീനിന് നീന്തുവാനും ദിശമാറി പോകുവാനും കഴിയാത്തതിനാൽ ആഹാരം കഴിക്കാതെ ചാകുന്നു.

#### കാരണം

മഴയ്ക്കുശേഷം നല്ല വെള്ളം കയറി ലവണാംശം പെട്ടെന്ന് കുറയുന്നതു മൂലമാണിതുണ്ടാകുന്നത്. വെള്ളത്തിലേയും തീറ്റയിലേയും സോഡിയം പൊട്ടാസ്യം, കാൽസ്യം ഇവയിൽ വരുന്ന വ്യതിയാനങ്ങൾ ഈ രോഗത്തിനിടയാക്കുന്നു.

#### പരിഹാരം

വെള്ളത്തിലും തീറ്റയിലും മേൽപ്പറഞ്ഞ പൊടുന്നനെയുള്ള വ്യതിയാനങ്ങൾക്കിടയാക്കാതെ മാറ്റങ്ങൾ ക്രമേണ മാത്രം വരുത്തുക.

### 2. തൊണ്ടു മൃദുവാകൽ രോഗം

#### ലക്ഷണങ്ങൾ

- നാരൻ, ചൂടൻ ചെമ്മീനുകളിൽ കാണപ്പെടുന്നു.